**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1604** **08-02-2023 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക കടാശ്വാസ കമ്മിഷൻ നൽകിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും സർക്കാർ ഭീമമായ കുടിശിക നൽകാനുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബഡ്ജറ്റ് വിഹിതമായ 18.9 കോടി രൂപയ്ക്ക് പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്.<br>**കടാശ്വാസ കമ്മീഷൻ ഉത്തരവുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക വിതരണം ചെയ്യുന്നത്. കാലതാമസം ഒഴിവാക്കുന്നതിനായി വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസുകളിൽ വെരിഫിക്കേഷൻ നടത്തുന്നതിനു മുമ്പായി അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.** |
| (ബി) | സർക്കാരിന്റെ പണം ലഭിക്കാത്തതിനാൽ കർഷകർ അവരുടെ വിഹിതം അടച്ചാലും സംഘങ്ങൾ ആധാരങ്ങൾ അടക്കം വിട്ടുനൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട്. കടാശ്വാസം അനുവദിച്ചുകൊണ്ട് കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡുകളിൽ കർഷക വിഹിതം അടച്ചു കഴിഞ്ഞാൽ, സർക്കാരിൽനിന്നുള്ള വിഹിതം ലഭിക്കുന്നതിന് കാത്തുനില്ക്കാതെ കർഷകരുടെ ഈട് പ്രമാണങ്ങൾ തിരികെ നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കർഷക വിഹിതം അടച്ചു കഴിഞ്ഞാൽ ഈട് പ്രമാണങ്ങൾ മടക്കി നൽകണമെന്ന് സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവു പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെവിവിധ സർക്കുലറുകൾ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. രേഖകൾ മടക്കി നൽകുന്നതിൽ ചില സഹകരണ സ്ഥാപനങ്ങൾ വിമുഖത കാണിയ്ക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ കർഷക വിഹിതം അടച്ചു കഴിഞ്ഞാൽ പ്രമാണം തിരികെ നൽകുന്നതിൽ വീഴ്ച വരുത്തുന്ന ബാങ്കുകൾക്കെതിരെ |

| | | | |
|---|---|---|---|
| | | | കർശന നടപടി സ്വീകരിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും പ്രസ്തുത കുടിശിക നൽകി കർഷകരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്.<br><br>**കടാശ്വാസ കമ്മീഷൻ ഉത്തരവുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക വിതരണം ചെയ്യുന്നത്. കാലതാമസം ഒഴിവാക്കുന്നതിനായി വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസുകളിൽ വെരിഫിക്കേഷൻ നടത്തുന്നതിനു മുമ്പായി അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.** |

സെക്ഷൻ ഓഫീസർ